**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2011** **17.06.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുതിക്ഷാമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന കടുത്ത വൈദ്യുതി ക്ഷാമം നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ; | (എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന കടുത്ത വൈദ്യുതി ക്ഷാമം നേരിടുന്നതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും വൈദ്യുതി വാങ്ങുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. 150 MW വൈദ്യുതി ടാറ്റാ മൈത്തൺ എന്ന കമ്പനിയിൽ നിന്നും 25 വർഷത്തേയ്ക്ക് വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>2. 250 MW വൈദ്യുതി 25 കൊല്ലത്തേയ്ക്ക് വാങ്ങുന്നതിന് ഡി. വി. സി. എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>3. യഥാക്രമം 450 MW, 400 MW വൈദ്യുതി മത്സരാധിഷ്ഠിത ടെൻഡർ വഴി ദീർഘകാലാടിസ്ഥാനത്തിൽ 25 കൊല്ലത്തേയ്ക്ക് വാങ്ങുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.<br><br>നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സൗരോർജ്ജ പദ്ധതികളിൽ നിന്നും സ്വന്തമായി വൈദ്യുതി ഉപഭോക്താക്കൾ തന്നെ വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി, സംസ്ഥാന ഗവൺമെൻറും, സംസ്ഥാന റഗുലേറ്ററി കമ്മീഷനും, ബോർഡും നയപരിപാടികൾ എടുത്തിട്ടുണ്ട്.<br><br>4. 400 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ടെൻഡർ വഴി 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ വാങ്ങുന്നതിന് എൻ. വി. വി. എൻ, പി. റ്റി. സി. തുടങ്ങിയ വൈദ്യുതി വ്യാപാരികളുമായി കരാറിൽ |

ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ടി വൈദ്യുതി കൊണ്ടു വരുന്നതിന് പ്രസരണ ഇടനാഴി ലഭ്യമായിട്ടില്ല.

**5.** 650 മെഗാവാട്ട് വൈദ്യുതി മററ് മേഖല കളിൽ നിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ 2013 നവംബർ മുതൽ 2014 ഒക്ടോബർ വരെ വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടെ ങ്കിലും ടി വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴി ലഭ്യമായിട്ടില്ല. കൂടാതെ ദക്ഷിണേന്ത്യയിൽ നിന്നുള്ള വൈദ്യുതി വ്യാപാരികളിൽ നിന്നും 330 മെഗാവാട്ട് 2014 ജൂൺ മുതൽ 2015 മെയ് വരെ വാങ്ങു ന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ ശരാശരി 200 മെഗാവാട്ടോളം വൈദ്യുതി മാത്രമേ കൊണ്ടു വരുന്നതിന് നിലവിൽ പ്രസരണ ഇടനാഴി ലഭ്യമായിട്ടുള്ളൂ.

**6.** ഇതു കൂടാതെ 175 മെഗാവാട്ട് വൈദ്യുതി 2015 ഫെബ്രുവരി മുതൽ 2015 മെയ് മാസ് വരെ വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

**7.** കൂടാതെ ഊർജ്ജ സംരക്ഷണം വഴി അനാവശ്യത്തിനും ആഡംബരത്തിനും ഉപ യോഗിക്കുന്ന വൈദ്യുതി കുറയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് അവബോധം നൽകു ന്നതു വഴിയും വൈദ്യുതി ഉപയോഗം പരി മിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ സർക്കാർ എത്ര യൂണിറ്റ് വൈദ്യുതി പുതിയ പദ്ധതികളി ലൂടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശി ക്കുന്നു ; ആയതിൽ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു വെന്നും ; ഏതൊക്കെ പദ്ധതിക ളിലൂടെ എത്ര യൂണിറ്റ് വീത മെന്നും വ്യക്തമാക്കുമോ? ; കഴിഞ്ഞ സർക്കാർ എത്ര യൂണിറ്റ് ഈ രീതിയിൽ അധികമായി ഉല്പാ ദിപ്പിച്ചു ;

(ബി) ഈ സർക്കാർ പുതിയ പദ്ധതികളിലൂടെ 165.73 മില്യൺ യൂണിററ് വാർഷിക ഉല്പാദനം ഉദ്ദേശി ച്ചിരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശ ങ്ങൾ അനുബന്ധമായി ചേർക്കുന്നു. അവയിൽ നിന്നും ഉല്പാദിപ്പിച്ച വൈദ്യുതിയുടെ വിശ ദാംശം താഴെ കൊടുക്കുന്നു.

| | പദ്ധതി | ഉല്പാദനം (2011 മെയ് മുതൽ 2014 മെയ് വരെ) ദശലക്ഷം യൂണിററ് |
|---|---|---|
| 1. | റാന്നി-പെരിനാട് | 15.46 |
| 2. | പീച്ചി | 3.55 |
| 3. | ഇരുട്ടുക്കാനം #3 | 14.51 |
| 4. | കാരിക്കയം | 17.21 |
| 5. | മാങ്കുളം | 0.182980 ദശലക്ഷം യൂണി ററ് (182980 യൂണിററ്) |

കഴിഞ്ഞ സർക്കാരിൻെറ കാലയളവിൽ നടപ്പാ ക്കിയ പദ്ധതികളും ഉല്പാദനവും താഴെ ചേർ ക്കുന്നു.

| | പദ്ധതി | ഉല്പാദനം (മെയ് 2006 മുതൽ 2011 മെയ് വരെ) ദശലക്ഷം യൂണിറ്റ്. |
|---|---|---|
| 1. | കുറ്റ്യാടി ടേൽറൈസ് | 14.924 |
| 2. | കെ. എസ്. ഇ. എസ് | 70.106 |
| 3. | എൻ. ഇ. എസ് | 247.621 |
| 4. | രാമക്കൽമേട് (കാറ്റ്) | 84.256 |
| 5. | അഗളി (കാറ്റ്) | 80.122 |
| 6. | എം.പി.എസ്. സ്റ്റീൽ | 99.490 |
| 7. | പി. സി. ബി. എൻ | 1.448 |
| 8. | അള്ളുങ്കൽ | 48.798 |
| 9. | ഇരുട്ടുകാനം | 10.199 |
| 10. | പൂഴിത്തോട് | 0 |
| | **ആകെ** | **656.964** |

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റായിരുന്നു ; ആയത് ഇപ്പോൾ എത്ര ; പ്രതിദിനം നിലവിൽ എത്ര യൂണിറ്റ് വൈദ്യുതിയുടെ കുറവാണുള്ളത് ; വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ മെയ് 2011-ൽ സംസ്ഥാനത്തെ പ്രതിദിന ഉപഭോഗം വൈദ്യുതി നിന്ത്രണമില്ലാതെ ഏകദേശം 54.8 ദശലക്ഷം യൂണിറ്റായിരുന്നു. 2014 മെയ് മാസത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപയോഗം നിയന്ത്രണത്തോടു കൂടി വന്നത് 61.65 ദശലക്ഷം യൂണിറ്റായിരുന്നു. 2014 ജൂൺ മാസം വൈദ്യുതി ഉപഭോഗവും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യതയും കണക്കിലെടുത്താൽ 3.5 ദശലക്ഷം യൂണിറ്റിന്റെ കുറവാണുള്ളത്.

(ഡി) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിന്ന് ശരാശരി എത്ര യൂണിററ് വൈദ്യുതി പ്രതിദിനം ലഭിക്കുന്നു ; കായംകുളം പദ്ധതിയിൽ നിന്ന് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കുന്നു ; പ്രതിദിനം പുറത്തു നിന്നു കൊണ്ടുവരുന്ന വൈദ്യുതി എത്ര യൂണിററാണ് ; വ്യക്തമാക്കുമോ ;

(ഡി) ജൂൺ മാസത്തെ കണക്കനുസരിച്ച് ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിദിനം ശരാശരി 16.07 ദശലക്ഷം യൂണിററ് വൈദ്യുതി ലഭിക്കുന്നുണ്ട്. ടി. കണക്കു പ്രകാരം കായംകുളം പദ്ധതിയിൽ നിന്നും പ്രതിദിനം ശരാശരി 4.6 ദശലക്ഷം യൂണിററ് എടുക്കുന്നുണ്ട്. പുറത്തു നിന്നുള്ള വൈദ്യുതി (കേന്ദ്ര വിഹിതം, ട്രേഡർ, പർച്ചേസ്, ഡീവിയേഷൻ സെറ്റിൽമെൻറ് (UI), (യു. ആർ. എസ്) ജൂൺമാസത്തെ കണക്കു പ്രകാരം പ്രതിദിനം 35.95 ദശലക്ഷം യൂണിററ് ലഭിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ വാർഷിക വർദ്ധനവ് എത്ര ശതമാനമാണ് ; എത്ര യൂണിററ് വൈദ്യുതിയാണ് ഓരോ വർഷവും അധികമായി വേണ്ടത് ; വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം 2012-13 നെ അപേക്ഷിച്ച് 2013-14-ൽ ഏകദേശം നാലു ശതമാനം വർദ്ധനവ് വന്നിട്ടുണ്ട്. 2012-13-ലെ ഉപഭോഗത്തെക്കാൾ 2013-14 -ലെ ഉപഭോഗം ഏകദേശം 760 ദശലക്ഷം യൂണിററ് വർദ്ധിച്ചിട്ടുണ്ട്.

(എഫ്) പ്രതിദിനം കായംകുളം അടക്കമുള്ള പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയ്ക്ക് ബോർഡിനു പ്രതിദിനം വരുന്ന നഷ്ടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ?

(എഫ്) കായംകുളത്തു നിന്നും പ്രതിദിനം ലഭിക്കാവുന്ന ശരാശരി വൈദ്യുതി 7 ദശലക്ഷം യൂണിറ്റാണ്. കായംകുളത്തു നിന്നും സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി വാങ്ങുക വഴി ഇപ്പോൾ പ്രതിദിനം ഏകദേശം 7 കോടി രൂപയോളം നഷ്ടം ഉണ്ടാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

U.S.Q. No. 2011

Annexure -1

**List of projects proposed for completion during the period from 2011-12 till 2014-15**

| Sl.No. | Name of Station | Installed Capacity (MW) | Annual Generation capacity (MU) |
|---|---|---|---|
| 1 | Ranni Perinad | 4 | 16.73 |
| 2 | Peechi | 1.25 | 3.21 |
| 3 | Barapole | 15 | 36 |
| 4 | Vilangad | 7.5 | 22.63 |
| 5 | Chimmony | 2.5 | 6.7 |
| 6 | Kakkayam | 3 | 10.39 |
| 7 | Chathankottunada II | 6 | 14.76 |
| 8 | Adyanpara | 3.5 | 9.01 |
| 9 | Vellathooval | 3.6 | 12.17 |
| 10 | Iruttukkanam stage II (IPP) | 1.5 | 3.94 |
| 11 | Mankulam Mini HEP (IPP) | 0.11 | 0.29 |
| 12 | Karikkayam SHP (IPP) | 10.5 | 27.6 |
| 13 | Agali Wind farm (IPP) | 1.2 | 2.3 |
| | Total | **59.66** | **165.73** |

Annexure -2

**List of generation projects completed during the period from 2011 till date**

| Sl.No. | Name of Station | Installed Capacity (MW) | Annual Generation capacity (MU) |
|---|---|---|---|
| 1 | Ranni Perinad | 4 | 16.73 |
| 2 | Iruttukkanam stage II (IPP) | 1.5 | 3.94 |
| 3 | Peechi | 1.25 | 3.21 |
| 4 | Mankulam Mini HEP (IPP) | 0.11 | 0.29 |
| 5 | Karikkayam SHP (IPP) | 10.5 | 27.6 |
| 6 | Agali Wind farm (IPP) | 1.2 | 2.3 |
| | **Total** | **18.56** | **54.07** |

Annexure -3

**List of generation projects completed during the period from 2006-2011**

| Sl.No. | Name of Station | Installed Capacity (MW) | Annual Generation capacity (MU) |
|---|---|---|---|
| 1 | Neriamangalam ext | 25 | 58.3 |
| 2 | Kuttiadi tailrace | 3.75 | 17.1 |
| 3 | Ullunkal SHP (Pvt. IPP) | 7 | 32.2 |
| 4 | Co-Generation Plant MPS Steel (Pvt.IPP) | 10 | 67.6 |
| 5 | Co-Generation Plant PCBL (Pvt. Captive) | 10 | 70.1 |
| 6 | Ramakkalmedu (19X 0.75MW)( Pvt.IPP)Wind | 14.25 | 27.5 |
| 7 | Agali (29 X 0.6 MW) (Pvt.IPP) Wind | 17.4 | 33.5 |
| 8 | Neriamangalam Renovation and modernnisation | 2.55 | -- |
| 9 | Sabarigiri Renovation and modernnisation | 20 | -- |
| 10 | Kuttiadi Addl. Extn. Scheme | 100 | 223.0 |
| 11 | Iruttukkanam stage I (Pvt.IPP) | 3 | 11.0 |
| 12 | Poozhithode SHP | 4.8 | 10.97 |
| | **Total** | **217.75** | **551.3** |

Section Officer